# <u>Welding</u>

ജില്ലാ തലത്തിൽ നടക്കുന്ന മത്സരങ്ങളിൽ വെൽഡിംഗ് മേഖലയിലെ അടിസ്ഥാനപരമായ വെൽഡിംഗ് വൈദഗ്ധ്യമുള്ള മത്സരാർത്ഥികളെ കണ്ടെത്തുന്നതി നായി പ്രധാനമായും ആർക്ക് വെൽഡിംഗ് 1G, 2G, 3G, 4G പൊസിഷനുകളിൽ വെൽഡ് ചെയ്യുന്നതിനുള്ള വൈദഗ്ധ്യമാണ് പരിശോധിക്കുന്നത്. മത്സരാർത്ഥികൾ ഒരു നിശ്ചിതസമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതുവരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മേഖലാ തല മത്സരങ്ങളിൽ ജില്ലാ തല മത്സരങ്ങൾക്ക് നൽകിയ വർക്കു കൾക്ക് പുറമെ Tig welding, MIG welding MIG/MAD welding, pipe welding എന്നീ മേഖലകളിൽ വൈദഗ്ധ്യം തെളിയിക്കേണ്ട 8 മണിക്കൂർ ദൈർഘ്യമുള്ള വർക്കുക ളാകും നൽകുക.

സംസ്ഥാന തല മത്സരങ്ങളിൽ മത്സരാർത്ഥികൾക്കുള്ള വൈദഗ്ധ്യം പരിശോധിക്കുന്ന വിധത്തിൽ ജില്ലാ മേഖല മത്സരങ്ങളിൽ പറഞ്ഞിരിക്കുന്ന വർക്കു കൾക്ക് പുറമെ അലുമിനിയം വെൽഡിംഗ്, സ്റ്റെയിൻലസ് സ്റ്റീൽ വെൽഡിംഗ് എന്നിവ കൂടെ ഉൾപ്പെടുത്തിയുള്ള വർക്കുകളാണ് ഉണ്ടാവുക. സംസ്ഥാന മത്സരത്തിന്റെ വർക്കുകൾ റേഡിയോഗ്രാഫി/NDT/മിഷ്യൻ പ്രഷർ ടെസ്റ്റ് എന്നീ പരിശോധനകൾക്ക് വിധേയമാക്കി ആയിരിക്കും വിധി നിർണ്ണയിക്കുക.

മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വൈദഗ്ധ്യത്തിനു പുറമെ മത്സരാർത്ഥിയുടെ മനോഭാവം, സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കൽ, വർക്ക് ഷോപ്പിലെ പെരുമാറ്റം, ടൂൾസ്, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്ന രീതി എന്നിവ നിരീക്ഷിക്കുന്നതായിരിക്കും.

ആർ.വി 07.03.18